(ബി) ഇതിൽ എത്ര ലക്ഷം യൂണിറ്റ് ഇവിടെ ഉൽപ്പാദിപ്പിക്കുന്നുണ്ട്;

(സി) അയൽ സംസ്ഥാനങ്ങൾക്ക് വിദ്യുച്ഛക്തി നൽകുവാൻ ഗവൺമെൻറിന് ഉദ്ദേശമുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഏതു നിരക്കിലാണ് വിൽക്കുന്നതെന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് പ്രതിദിനം ശരാശരി 155 ലക്ഷം യൂണിറ്റ് വൈദ്യുതി ആവശ്യമുണ്ട്.

(ബി) ഈ 155 ലക്ഷം യൂണിറ്റും ഇവിടെ ഉൽപ്പാദിപ്പിക്കുന്നു.

(സി, ഡി) ഇപ്പോൾ ഇല്ല.

പുതിയ വിദ്യുച്ഛക്തി കണക്ഷൻ

127. [179] ശ്രീ. പി. സീതിഹാജി :

,, നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1985-86 സാമ്പത്തിക വർഷത്തിൽ എത്ര പുതിയ വിദ്യുച്ഛക്തി കണക്ഷനുകൾ വീടുകൾക്ക് നൽകി ;

(ബി) 1985-86-ൽ ആകെ എത്ര അപേക്ഷ ലഭിച്ചു ; അതിൽ കോൺട്രിബ്യൂഷൻ സ്വീകരിച്ച് എത്ര പേർക്ക് കണക്ഷൻ നൽകി ?

ഉത്തരം

(എ) 1,72,309 എണ്ണം
(28-2-1986 വരെ)

(ബി) 26-2-1986 വരെ
2,60,475 എണ്ണം.

28-2-1986 വരെ 77,917 പേർക്ക് കോൺട്രിബ്യൂഷൻ അടിസ്ഥാനത്തിൽ കണക്ഷൻ നൽകിയിട്ടുണ്ട്.

സ്പിരിറ്റ് കള്ളക്കടത്ത് തടയുവാൻ നടപടി

128. [180] ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മറ്റു സംസ്ഥാനങ്ങളിൽനിന്നും സ്പിരിറ്റ് കടത്തുന്നത് ഫലപ്രദമായി തടയുവാൻ എന്തു നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ;

(ബി) സ്പിരിറ്റ് കടത്തലിന് സഹായികളായിരുന്നതായി ആരോപണം വന്നിട്ടുള്ള ഉദ്യോഗസ്ഥൻമാരുടെ പേരിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) കേരളത്തിൻെറ അതിർത്തികളിൽകൂടി സ്പിരിറ്റ് അനധികൃതമായി കടത്തിക്കൊണ്ടുവരുന്നത് തടയാൻ എക്സൈസ് ഡിപ്പാർട്ടുമെൻറിൽ

LIBRARY ARCHIVES Kerala Legislative Assembly

ആര്യങ്കാവ് (കൊല്ലം ജില്ല) വാളയാർ (പാലക്കാട്) മുത്തങ്ങ (വയനാട്) കൂട്ടുപുഴ (കണ്ണൂർ) ഉപ്പള (കാസർകോഡ്) എന്നീ സ്ഥലങ്ങളിൽ ചെക്കു പോസ്റ്റുകൾ നിലവിലുണ്ട്. കൂടാതെ ആറ് മൊബൈൽ സ്ക്വാഡുകളും പ്രവർത്തിക്കുന്നുണ്ട്.

(ബി) സ്പിരിറ്റ് കടത്തിക്കൊണ്ടുവരുന്നതിന് ഉദ്യോഗസ്ഥൻമാർ സഹായം നൽകുന്നതായി വ്യക്തമായ ആരോപണങ്ങളോ പരാതികളോ ലഭിച്ചിട്ടില്ല. വ്യക്തമായ തെളിവുകൾ ലഭിച്ചാൽ വേണ്ട നടപടികളെടുക്കുന്നതാണ്.

## മദ്യഷാപ്പുകൾ

129. [181] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ എത്ര അംഗീകൃത കള്ളുഷാപ്പുകളും ചാരായഷാപ്പുകളും വിദേശ മദ്യഷാപ്പുകളും ബാറുകളും ഉണ്ടെന്നു വ്യക്തമാക്കാമോ ;

(ബി) വിദ്യാഭ്യാസ സ്ഥാപനങ്ങളുടേയും ആരാധനാലയങ്ങളുടേയും 400 മീറ്റർ ദൂരത്തിനകം എത്ര കള്ളുഷാപ്പുകളും ചാരായഷാപ്പുകളും വിദേശ മദ്യഷാപ്പുകളും ബാറുകളും ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടെന്നു പറയാമോ ;

(സി) സംസ്ഥാനത്ത് ഇപ്പോൾ അനധികൃതമായി പ്രവർത്തിക്കുന്ന മദ്യഉപഷാപ്പുകൾ ഓരോ ഇനത്തിൽ എത്ര വീതമാണെന്നു വ്യക്തമാക്കാമോ ; ജില്ല തിരിച്ച് എത്ര വീതം ;

(ഡി) നിലവിലുള്ള അബ്കാരി നിയമത്തിൽ എന്തെല്ലാം ഭേദഗതികൾ വരുത്താനാണ് ഉദ്ദേശിക്കുന്നത് ;

(ഇ) സംസ്ഥാനത്ത് മദ്യനിരോധനം നടപ്പാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഏതെല്ലാം സംഘടനകൾ നിവേദനം നൽകിയിട്ടുണ്ട് ;

(എഫ്) ഇക്കാര്യത്തിൽ സർക്കാർ നയം വ്യക്തമാക്കാമോ ?

### ഉത്തരം

(എ) കള്ളുഷാപ്പുകൾ 2454 എണ്ണം
ചാരായഷാപ്പുകൾ 1835 ,,
വിദേശമദ്യ മൊത്തഷാപ്പുകൾ 134 ,,
(14 എണ്ണം ബിവറേജസ് കോർപ്പറേഷൻ നടത്തുന്നു).
വിദേശമദ്യ ചില്ലറ 90 എണ്ണം
വിൽപ്പന ഷാപ്പുകൾ
ബാർ ലൈസൻസുകൾ 269 എണ്ണം

(ബി) കള്ളുഷാപ്പുകൾ 400 എണ്ണം
(ഉപഷാപ്പുകൾ ഉൾപ്പെടെ)
ചാരായഷാപ്പുകൾ 967 ,,
(ഉപഷാപ്പുകൾ ഉൾപ്പെടെ)
വിദേശമദ്യ ചില്ലറ
വിൽപ്പനശാല 51 ,,
ബാർ ലൈസൻസുകൾ 223 ,,

(സി) അനധികൃത ഉപഷാപ്പുകൾ തിട്ടപ്പെടുത്തുവാൻ സാദ്ധ്യമല്ല.

(ഡി) ഇക്കാര്യം പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly